ശ്രീ. കെ. കൃഷ്ണൻകുട്ടി : പിന്നോക്ക സൊസൈറ്റികൾ പ്രത്യേകിച്ച് ആഡിറ്റ് ക്ലാസിഫിക്കേഷനിൽ 'സി' ക്ലാസ് കൊടുത്തിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്ന് രണ്ടാം പ്രാവശ്യം കൃഷിക്കാർക്കും മറ്റ് കടമെടുക്കുന്നവർക്കും സൗകര്യമുണ്ടാകത്തക്ക വിധത്തിൽ പ്രത്യേകിച്ച് ഞങ്ങളുടെ ഭാഗത്തുള്ള കൊഴിഞ്ഞാംപാറ ഏരിയയിലുള്ള ഒരു സൊസൈറ്റിയും ഇപ്പോൾ ലോൺ കൊടുക്കുന്നില്ല. അത് കിട്ടാനുള്ള സംവിധാനം ഉടനെ ഏർപ്പെടുത്തുമോ ?

ശ്രീമതി എം. കമലം : ഇങ്ങനെയുള്ള പിന്നോക്കപ്രദേശങ്ങളെ അഭിവൃദ്ധിയിലേക്ക് കൊണ്ടുവരുന്നതിനായി ലോണും സബ്സിഡിയും കൊടുക്കുന്ന പരിപാടി ഈ പദ്ധതിയിൽ ഉണ്ട്. ധാരാളം സബ്സിഡിയും ലോണും ഇപ്പോൾ കൊടുത്തു. ഇത് രണ്ടര കോടി രൂപ വരുന്ന ഒരു പദ്ധതിയാണ്. അങ്ങനെയുള്ള സ്കീമാണ് സർ, ഇതുകൊണ്ട് ആവിഷ്കരിച്ചിരിക്കുന്നത്.

ശ്രീ. ജി. വരദൻ : പിന്നോക്ക ജില്ലയായ ഇടുക്കിയെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീമതി എം. കമലം : 1984-85-ൽ എൻ.സി.ഡി.സി. 20 ജില്ലകളെ തെരഞ്ഞെടുത്തു. അതിലാണ് വയനാട് ജില്ല ഉൾപ്പെട്ടിട്ടുള്ളത്. 1986-87-ലേക്ക് 25 ജില്ലകളെ അവർ വീണ്ടും തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ ഇടുക്കി ജില്ലയാണ് സംസ്ഥാന ഗവൺമെന്റിന്റെ മുമ്പിലുള്ള തീരുമാനം.

സഹകരണ ബാങ്കുകൾ മുഖേന നൽകുന്ന വായ്പകൾ

*290. [313] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ടി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ സഹകരണത്തോടുകൂടി സഹകരണ ബാങ്കുകൾ മുഖേന വായ്പകൾ നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഏതെല്ലാം ഇനങ്ങൾക്കാണ് വായ്പ നൽകുന്നത് ;

(സി) ഇതിന് ഈടാക്കിവരുന്ന പലിശ എത്ര ;

(ഡി) 1984-85 വർഷത്തിൽ ഈ ഇനത്തിൽ എത്ര രൂപ വായ്പയായി നൽകിയിട്ടുണ്ട് ?

സഹകരണ വകുപ്പുമന്ത്രി : (ശ്രീമതി എം. കമലം) :

(എ, ബി) കയർ, കൈത്തറി, കരകൗശല വേലകൾ, ഗ്രാമ വ്യവസായം, കുടിൽ വ്യവസായം, ചെറുകിട വ്യവസായം, ഇതര വ്യവസായം എന്നിവയ്ക്കും. ഗ്രാമശിൽപ്പികൾ, കൈത്തൊഴിലുകാർ എന്നിവർക്കും സഹകരണ ബാങ്കുവഴി വായ്പ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വായ്പകളുടെ സ്വഭാവമനുസരിച്ച് നാലര ശതമാനം മുതൽ പതിനഞ്ചു ശതമാനം വരെ വ്യത്യസ്ത നിരക്കിൽ ഈടാക്കിവരുന്നു.

(ഡി) 3,571.86 ലക്ഷം രൂപ.

ശ്രീ. കാനം രാജേന്ദ്രൻ : വ്യവസായ വകുപ്പിന്റെ സഹകരണത്തോടു കൂടി സ്മാൾസ്കെയിൽ, ഇൻഡസ്ട്രിയ്ക്ക് ജില്ലാ ബാങ്കുകളിൽ നിന്ന് ലോൺ നൽകുമ്പോൾ ആ യൂണിറ്റിന്റെ ലയബിലിറ്റിയൊന്നും നോക്കാതെ നൽകുന്നതുകൊണ്ട് വളരെയധികം പണം ഡിസ്ട്രിക്ട് ബാങ്കുകൾക്ക് പിരിഞ്ഞു കിട്ടാനുണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി എം. കമലം : ഇതിന് നടപടി സ്വീകരിക്കുന്നതാണ്. വ്യവസായ സംരംഭകർക്കായി 1984-85-ൽ ചോദിച്ച പ്രകാരം 44.10 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ഏഴര ശതമാനം പലിശ നിരക്കിലാണ് ഇത് കൊടുത്തിട്ടുള്ളത്.

ശ്രീ. കാനം രാജേന്ദ്രൻ : ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും മറ്റും ലോൺ നൽകുമ്പോൾ അതിനെ സംബന്ധിച്ചു ആവശ്യമായ പരിശോധനകൾ ഗടത്താതെ സെക്യൂരിറ്റി തന്നെയില്ലാതെ ലോൺ നൽകുന്നുവെന്നുള്ള ആക്ഷേപം നവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് എന്തു നടപടിയാണ് സ്വീകരിക്കുന്നത് ?

ശ്രീമതി എം. കമലം : ഇത് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ കീഴിൽ നമ്മുടെ സംസ്ഥാനത്തുള്ള നിരവധി ഹരിജൻ സഹകരണ സംഘങ്ങൾ ഉണ്ട്. ഈ ഹരിജൻ സഹകരണസംഘങ്ങൾക്ക് അതിൽ അംഗത്വം നൽകുകയോ അവർക്ക് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽനിന്ന് ലോൺ അനുവദിക്കുകയോ ചെയ്യാറില്ല. അവരെ അയിത്തരായി മാറ്റിനിർത്താതെ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ മുഖേന വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീമതി എം. കമലം : വ്യവസായ സഹകരണ സംഘങ്ങളെക്കുറിച്ചാണ് ചോദിച്ചതെങ്കിലും ചില ജില്ലാബാങ്കുകൾ ഹരിജൻ സഹകരണസംഘങ്ങൾക്ക് അംഗത്വം കൊടുക്കാത്ത ഒരു ശോചനീയാവസ്ഥ ഉണ്ട് സർ. ഹരിജൻ സഹകരണ ഫെഡറേഷനിൽ നിന്നും പണം വാങ്ങിച്ചു കൊള്ളട്ടേയെന്ന് തീരുമാനമെടുത്ത സംഘങ്ങൾ ഉണ്ട് സർ. തിരുവനന്തപുരം, കൊല്ലം തുടങ്ങിയ ജില്ലാ സംഘങ്ങളിൽ ഇത്തരം നടപടികൾ ഉണ്ട്. ഇത് വളരെ ഗൗരവമായി ഗവൺമെന്റ് പരിശോധിക്കുകയാണ്. കർശനമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. പി. വിജയദാസ് : ഹരിജൻ സംഘങ്ങൾക്ക് ഏറ്റവും കൂടുതൽ അംഗത്വം നൽകിയിട്ടുള്ള ജില്ലാ സഹകരണ ബാങ്ക് ഏതാണെന്ന് പറയാമോ ?

ശ്രീമതി എം. കമലം : അങ്ങനെ ഒരു കണക്ക് ഗവൺമെന്റിന്റെ മുന്നിലില്ല. പക്ഷേ പരാതി കിട്ടിയതനുസരിച്ചുമാത്രമാണ് ഞാൻ ഇവിടെ പറയുന്നത്. അല്ലാതെ ഒരു പ്രത്യേക ബാങ്കിനെ ഉദ്ദേശിച്ചുകൊണ്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly